LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതി

141 [3031] ശ്രീ. വി. ഡി. സതീശൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
,, ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സഹകരണ എഞ്ചിനീയറിംഗ് കോളേജുകളാണ് ഉള്ളത്;

(ബി) പ്രസ്തുത കോളേജുകളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു;

(സി) ഇവർക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേപ്പിന്റെ കീഴിൽ പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലായി 5 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട്.

(ബി)

പെരുമൺ	846
കിടങ്ങൂർ	585
വടകര	656
തലശ്ശേരി	645
തൃക്കരിപ്പൂർ	436

(സി) കേപ്പിന്റെ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത യൂണിവേഴ്സിറ്റി നിഷ്കർഷിച്ചിട്ടുള്ള പാഠ്യപദ്ധതിയനുസരിച്ചാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിവരുന്നത്. പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിനുള്ള സംവിധാനം പാഠ്യപദ്ധതിയിൽ ഇല്ല. എന്നാൽ കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് & ഇൻഫ്രാസ്ട്രക്ചർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4448 എന്ന സഹകരണ സ്ഥാപനം കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കായി പഠനത്തോടൊപ്പം തൊഴിലും സമ്പാദ്യവും എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.